**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **05-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ ഉദ്ഘാടനം ചെയ്യപ്പെട്ട പട്ടാമ്പി താലൂക്ക് ആശുപത്രിക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (എ) | ഇല്ല. പ്രസ്തുത പദ്ധതിയ്ക്കായി വിഭാവന ചെയ്ത സ്ഥലത്തിന് റെയിൽവെ അംഗീകാരം ലഭിക്കാതെ വന്നതിനാൽ പകരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. റെയിൽവെയുടെ അംഗീകാരം ലഭിക്കാത്തതിനാൽ ഇപ്പോൾ ഒ.പി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുൻ വശത്ത് ലഭ്യമാക്കുന്ന സ്ഥലത്ത് ഒ.പി, കാഷ്വാലിറ്റി, ഡയഗനോസ്റ്റിക്സ് സെന്റർ കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് രൂപരേഖ തയ്യാറാക്കി വരികയാണ്. |
| (ബി) | പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പുതിയ ഡയഗ്നോസ്റ്റിക് സെന്ററിന്റെ (രോഗ നിർണ്ണയ കേന്ദ്രം ) നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഇപ്പോൾ ഒ.പി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുൻ വശത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് രൂപരേഖ തയ്യാറാക്കി വരികയാണ്. പ്രസ്തുത പ്ലാൻ അംഗീകരിച്ച് ഭരണാനുമതിയും ധനാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ